**ജൂൺ 2022** **ലക്കം 6**

ഉണർവ്വ് പഠനപത്രിക

**ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി**

# കാഴ്ച

*മണ്ണ് എന്നാൽ നമുക്കു ചുറ്റും ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്ന കടലും കരയും കാറ്റും എന്നു നിർവ്വചിച്ചാൽ, മണ്ണിനും പെണ്ണിനുമെതിരെ വർദ്ധിച്ചു വരുന്ന ചൂഷണം ചെറുക്കാനുള്ള കാലം അതിക്രമിച്ചിരിക്കുന്നു എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഭൂമി നമുക്കൊരു കത്ത് അയച്ചിരിക്കുന്നു.*

***ഞാൻ ഭൂമി!!!***

*നിങ്ങൾക്കു വലുതെന്നു തോന്നുമെങ്കിലും പ്രപഞ്ചമൊട്ടാകെ നോക്കിയാൽ ഞാൻ നിങ്ങളുടെ നാടു പോലെ തീരെ ചെറുതാണ്. എങ്കിലും എല്ലാവർക്കും ആവശ്യമുള്ളതെല്ലാം ഞാൻ വേണ്ടുവോളം കരുതിയിട്ടുണ്ട്. പക്ഷെ ആരുടെയും ആർത്തി അകറ്റാനുള്ളതില്ല താനും.*

*ഞാൻ വെള്ളം തന്നു. നിങ്ങളതിനെ വിഷമാക്കി.*

*ഞാൻ കടലു തന്നു. നിങ്ങളതിൽ പ്ലാസ്റ്റിക് തള്ളി. യാതൊരു ദയയുമില്ലാതെ കൊള്ളയടിച്ചു. ഇപ്പോൾ വിറ്റു തുലക്കാൻ ശ്രമിക്കുന്നു. "നീല സമ്പദ് വ്യവസ്ഥ" അഥവാ "ബ്ലൂ ഇക്കോണമി" എന്ന് നിങ്ങളതിനു പേരുമിട്ടു.*

*ഞാൻ കര തന്നു. വികസനം എന്നു പറഞ്ഞു നിങ്ങൾ അതും ഇല്ലാതെയാക്കുന്നു.*

*എല്ലാറ്റിനും കാവലായി പെണ്ണിനെ തന്നു. അവളെ നിങ്ങൾ അടിക്കും. തൊഴിക്കും. കൊല്ലും. ഇതൊന്നുമല്ലെങ്കിൽ 'നീ വെറും പെണ്ണ്' എന്ന് പറഞ്ഞ് നിശബ്ദയാക്കും.*

*ഇനിയും പിടിച്ചു നിൽക്കാൻ എനിക്കാകുമെന്നു തോന്നുന്നില്ല. ഭൂമികുലുക്കവും വറുതിയും കടലാക്രമണവും സുനാമിയും ഓഖിയുമൊക്കെയായി ഞാൻ എന്റെ ജീവൻ തിരിച്ചു പിടിക്കാൻ ശ്രമിച്ചുകൊണ്ടേയിരിക്കും. അതിനെ ചെറുക്കാനും അതിജീവിക്കാനും നിങ്ങൾ മനുഷ്യർക്ക് കഴിയും എന്ന് തോന്നുന്നില്ല.*



*നിങ്ങളുടെ മക്കൾ ജീവിക്കണം എന്ന ആഗ്രഹം നിങ്ങൾക്കില്ലേ?*

*ഓർക്കുക.... അവർക്കു ജീവിക്കാൻ രണ്ടാമതൊരു ഭൂമിയില്ല!!*

*എന്ന് സ്വന്തം ഭൂമി.*

*ബബിത*
*(SHG കോർഡിനേറ്റർ, TSSS)*

# വായന

'ഒരേയൊരു ഭൂമി.' അൻപതാം വാർഷികം ആഘോഷിക്കുന്നു. ലോകപരിസ്ഥിതിദിന സന്ദേശമാണിത്. എല്ലാവർഷവും ജൂൺ അഞ്ച് ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനമായി ആഘോഷിക്കുന്നു.

മനുഷ്യന്റെ നിലനിൽപ്പിന് ആധാരം തന്നെ പ്രകൃതിയാണ്. മനുഷ്യന്റെ അതിരുകടന്ന ഇടപെടൽ മൂലം പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടിയിരിക്കുന്നു. ആഗോളതാപനവും, കാലാവസ്ഥാവ്യതിയാനവും അതുമൂലമുണ്ടാകുന്ന പാരിസ്ഥിതി ആഘാതങ്ങളും മനുഷ്യനെ മാത്രമല്ല സർവ്വജീവജാലങ്ങളെയും പ്രതികൂലമായി ബാധിക്കുന്നു. നിരവധി മുന്നറിയിപ്പുകളും നിർദ്ദേശങ്ങളും ശാസ്ത്രസമൂഹം നമുക്ക് തന്നു കൊണ്ടിരിക്കുന്നു. ലോകരാഷ്ട്രങ്ങൾ അതീവ ഗൗരവത്തോടെ ഈ വിഷയം കൈകാര്യം ചെയ്തു തുടങ്ങിക്കഴിഞ്ഞു.

ആരോഗ്യകരമായ ആവാസ വ്യവസ്ഥ പുനസ്ഥാപിക്കുവാനും പരിസ്ഥിതി സൗഹൃദമായ ജീവിതം നയിക്കുവാനും നമ്മൾ സ്വയം സജ്ജരാകേണ്ടതുണ്ട്. പ്രകൃതി വിഭവങ്ങളുടെ അനാവശ്യചൂഷണം വിപരീത ഫലങ്ങൾ വിളിച്ചുവരുത്തും. കാട് വെട്ടി നശിപ്പിക്കുമ്പോൾ നിരവധി ജീവജാലങ്ങൾ വംശനാശഭീഷണി നേരിടുന്നു. മലയിടിച്ചും കുന്നിടിച്ചും നടത്തുന്ന തെറ്റായ വികസന പ്രവർത്തനങ്ങൾ അപരിഹാര്യമായ പാരിസ്ഥിതിക പ്രശ്നങ്ങളെ സൃഷ്ടിക്കുന്നു. ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക് വസ്തുക്കൾ മണ്ണിനും കടലിനും നാശം വിതയ്ക്കുന്നു. ഓരോവർഷവും ദശലക്ഷക്കണക്കിന് ടൺ പ്ലാസ്റ്റിക്കാണ് കടലിലേക്കെത്തുന്നത്. അതോടെ കടലിലെ ലക്ഷക്കണക്കിന് ജീവജാലങ്ങൾക്ക് അതിജീവനം അസാധ്യമാകും.

പ്രകൃതിയെ മുറിവേല്പിക്കാത്ത സുസ്ഥിരവികസന മാതൃകകളിലേക്കാണ് ലോകം ഇന്ന് അതിവേഗം മാറിക്കൊണ്ടിരിക്കുന്നത്. പുനരുപയോഗസാധ്യമായ ഗ്രീൻ എനർജി എന്ന ആശയം പ്രചാരത്തിലുണ്ട്. കാറ്റ്, സൂര്യപ്രകാശം ജലം എന്നിവ ഊർജ്ജ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു.

ആരേഗ്യകരമായ പ്രകൃതി പാഠങ്ങൾ നിത്യ ജീവിതത്തിൽ പ്രയോഗത്തിൽ വരുത്താൻ നമുക്ക് ഓരോരുത്തർക്കും കഴിയണം. ചെറിയ ചുവടുകൾ പോലും പ്രധാനമാണ്. നല്ലമണ്ണ്, നല്ല വായു, നല്ലജലം ഇവ വരുംതലമുറക്ക് കൂടി അവകാശപ്പെട്ടതാണ്. ചില നല്ല പാഠങ്ങൾ നമുക്കോർത്ത് വയ്ക്കാം. ശുദ്ധജലം പാഴാക്കാതെയിരിക്കാം. വൈദ്യുതി കരുതലോടെ ഉപയോഗിക്കാം. പ്ലാസ്റ്റിക്കിന് ബദൽ കണ്ടെത്താം. ഉപയോഗിച്ച പ്ലാസ്റ്റിക് വസ്തുക്കൾ കത്തിക്കാതെയിരിക്കാം. അത് അന്തരീക്ഷ മലിനീകരണത്തിന് കാരണമാകും എന്ന് മറക്കാതെയിരിക്കാം.

മാലിന്യങ്ങൾ വലിച്ചെറിയാതെയിരിക്കാം. നമ്മുടെ മാലിന്യം നമ്മുടെ ഉത്തരവാദിത്തം എന്ന് മറക്കാതെയിരിക്കാം. ജൈവവും അജൈവവുമായ മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതും പ്രധാനമാണ്. ശുചിത്വമിഷനും കുടുംബശ്രീയുടെ നേതൃത്വത്തിൽ ഹരിത കർമ്മ സേനയും നടത്തുന്ന പ്രവർത്തനങ്ങൾ ഫലപ്രദമായ മാതൃകയാണ്.

ഒരേയൊരു ഭൂമിയേയുള്ളൂ. നമുക്കത് കരുതലോടെ സംരക്ഷിക്കാം. വൃക്ഷങ്ങൾ നട്ടുവളർത്താം. വീടിന് ചുറ്റും മാത്രമല്ല പൊതു സ്ഥലങ്ങളിലും ചെടികളും മരങ്ങളും നട്ടുപിടിപ്പിക്കാം. അതുവഴി വളർന്നുവരുന്ന പുതുതലമുറയ്ക്ക് ഹരിത പാഠങ്ങൾ പകർന്നു നല്കാം.

പ്രകൃതിയുടെ കാവലാളായിരുന്ന കവി സുഗതകുമാരി തന്നു പോയ നല്ല പാഠങ്ങളെ മറക്കാതിരിക്കാം.



"ഒരു തൈ നടാം നമുക്കമ്മയ്ക്ക് വേണ്ടി
ഒരു തൈ നടാം കൊച്ചുമക്കൾക്ക് വേണ്ടി
ഒരു തൈ നടാം നൂറ് കിളികൾക്ക് വേണ്ടി
ഒരു തൈ നടാം നല്ല നാളേയ്ക്ക് വേണ്ടി."

**മീര അശോക്**
*എഴുത്തുകാരി*

# ചുറ്റുവട്ടം

### കേരളം

* ഹൈക്കോടതി അഭിഭാഷക ശോഭ അന്നമ്മ ഈപ്പനെ ഹൈക്കോടതി ജഡ്ജിയായി രാഷ്ട്രപതി നിയമിച്ചു. ഇപ്രകാരം ജഡ്ജിയാകുന്ന നാലാമത്തെ വനിതയാണ്.
* യാക്കോബായ സഭാ സുനഹദോസ് സഭാസമിതികളിൽ സ്ത്രീകൾക്ക് 35% പ്രാതിനിധ്യം നൽകാൻ തീരുമാനിച്ചു.
* കുടുംബശ്രീ 25 വർഷം പൂർത്തിയാക്കി. 1 വർഷം നീണ്ടു നിൽക്കുന്ന ആഘോഷപരിപാടികൾ നടക്കും. 1998 മേയ് 17നാണ് കുടുംബശ്രീ ആരംഭിച്ചത്. നിലവിൽ 3 ലക്ഷത്തിലേറെ അയൽക്കൂട്ടങ്ങളിലായി 45.85 ലക്ഷം സ്ത്രീകൾ അംഗങ്ങളായിട്ടുണ്ട്. സ്ത്രീകളെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിൽ മികച്ച മാതൃകയായ കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങൾക്കാകെ 5586.68 കോടി രൂപയുടെ സമ്പാദ്യമുണ്ട്.
* കാലാവസ്ഥ വ്യതിയാനങ്ങളെ തുടർന്ന് പ്രകൃതിദുരന്തങ്ങൾ ഏറുകയും, സമുദ്രനിരപ്പ് ഉയരുകയും ചെയ്യുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്കു കാലാവസ്ഥാധിഷ്ഠിത ഇൻഷുറൻസ് വേണമെന്ന് രാജ്യാന്തര സിംപോസിയം ആവശ്യപ്പെട്ടു. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (CMFRI), ബേ ഓഫ് ബംഗാൾ

പ്രോഗ്രാം ഇന്റർ ഗവൺമെന്റൽ ഓർഗനൈസേഷൻ, തമിഴ്നാട് ഫിഷറീസ് സർവ്വകലാശാല എന്നിവർ ചേർന്ന് ലോകബാങ്കിന്റെ സഹകരണത്തോടെയാണ് രാജ്യാന്തര സിംപോസിയം നടത്തിയത്.

* സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നാംക്ലാസ്സ് പ്രവേശനത്തിനുള്ള കുറഞ്ഞ പ്രായം 5 ആയി തുടരുമെന്ന് സ്കൂൾ മാന്വലിന്റെ കരട്. കേന്ദ്രവിദ്യാഭ്യാസനയം അനുസരിച്ച് ഒന്നാംക്ലാസ്സ് പ്രവേശനത്തിനുള്ള കുറഞ്ഞ പ്രായം 6 വയസ്സാണെങ്കിലും, കേരളത്തിൽ വിദ്യാഭ്യാസച്ചട്ടം അനുസരിച്ച് 5 ആയി തുടരുമെന്നാണ് മാന്വലിൽ വ്യക്തമാക്കുന്നത്. പി.ടി.എ കമ്മിറ്റികളിൽ രക്ഷിതാക്കളുടേയും, അധ്യാപകരുടേയും പ്രതിനിധികളിൽ പകുതിയെങ്കിലും വനിതകളായിരിക്കണം എന്നും മാന്വലിൽ പറയുന്നു.
* കടലിലെ പ്ലാസ്റ്റിക്ക് മാലിന്യം നീക്കം ചെയ്യുന്ന 'ശുചിത്വസാഗരം' പദ്ധതി സംസ്ഥാനത്തെ 21 ഹാർബറുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നു. മുമ്പ് കൊല്ലം നീണ്ടകര ഹാർബറിൽ പരീക്ഷണാർത്ഥം നടപ്പാക്കിയ പദ്ധതിയാണിത്.
* 75-ാം സന്തോഷ് ട്രോഫി ഫുട്ബോൾ കിരീടം കേരളത്തിന്. ഫൈനലിൽ അവർ ബംഗാളിനെ പരാജയപ്പെടുത്തി.
* സ്കൂൾ പാഠ്യപദ്ധതിയിൽ 'ഫലപ്രദമായ സൈബർ ഉപയോഗവും, സൈബർ സുരക്ഷയും' ഉൾപ്പെടുത്തുമെന്ന് വിദ്യാഭ്യാസമന്ത്രി പറഞ്ഞു. ഇതിന്റെ ഭാഗമായി 'അമ്മ അറിയാൻ' എന്ന സൈബർ സുരക്ഷ ബോധവൽക്കരണ പരിപാടികൾ അമ്മമാർക്കായി ആരംഭിച്ചു.
* സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ശുചിമുറികൾ വേണമെന്നും, യു.പി. മുതലുള്ള മിക്സഡ് സ്കൂളുകളിൽ പെൺകുട്ടികൾക്ക് പ്രത്യേക വെയിറ്റിംഗ്ഷെഡ് ഉണ്ടായിരിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ സ്കൂൾ മാന്വലിന്റെ കരടിൽ ഉൾപ്പെടുത്തി. ഓരോ ക്ലാസ്സും, സ്കൂൾ ലൈബ്രറി ഉപയോഗിക്കേണ്ട സമയം നിശ്ചയിച്ച് പട്ടികപ്രദർശിപ്പിക്കണമെന്നും, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ വായിക്കാനുള്ള ഇടം ഒരുക്കണമെന്നും നിർദ്ദേശത്തിലുണ്ട്.

***ലോകം***

* സ്ത്രീകൾ പൊതുസ്ഥലങ്ങളിൽ തലമുതൽ പാദംവരെ മറയ്ക്കുന്ന ബർഖ ധരിക്കണമെന്ന് അഫ്ഗാനിസ്ഥാനിലെ താലിബാൻ ഭരണകൂടം ഉത്തരവിട്ടു. ആറാം ക്ലാസ്സിനു മുകളിലുള്ള പെൺകുട്ടികൾക്ക് സ്കൂൾ പഠനം വിലക്കി നേരത്തെ സർക്കാർ ഉത്തരവിട്ടിരുന്നു.
* ശ്രീലങ്കയിൽ കലാപം, വെടിവയ്പ്. ജനകീയ പ്രക്ഷോഭത്തിനു മുൻപിൽ പിടിച്ചു നിൽക്കാനാവാതെ പ്രധാനമന്ത്രി മഹീന്ദ രാജപക്സെ രാജിവച്ചു.

* ശ്രീലങ്കയുടെ പുതിയ പ്രധാനമന്ത്രിയായി യു.എൻ.പി. നേതാവ് റനിൽ വിക്രമസിംഗെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. പ്രസിഡന്റ് ഗോട്ടബയ രാജപക്സെ സത്യവാചകം ചൊല്ലിക്കൊടുത്തു.
* ലോക ബാഡ്മിന്റനിലെ 'തോമസ് കപ്പ്' ചാമ്പ്യൻഷിപ്പ് കിരീടം ഇന്ത്യ നേടി. ഫൈനലിൽ ഇന്തോനേഷ്യയെ തോൽപ്പിച്ചാണ് കിരീടം സ്വന്തമാക്കിയത്.
* യു.എ.ഇ. പ്രസിഡന്റ് ഷെയ്ക്ക് ഖലീഫ ബിൻസായിദ് അൽ നഹ്യാൻ (73) അന്തരിച്ചു. പുതിയ പ്രസിഡന്റായി ഷെയ്ക്ക് മുഹമ്മദ് ബിൻ സായിദ് (61) അധികാരമേറ്റു.
* ഫിലിപ്പീൻസിന്റെ പുതിയ പ്രസിഡന്റായി ഫെർഡിനാൻസ് ജൂനിയർ അധികാരമേറ്റു.
* ദക്ഷിണകൊറിയയുടെ പുതിയ പ്രസിഡന്റായി യൂൺ സുക്യോ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.
* ഇന്ത്യയിലെ 10 ലക്ഷത്തോളം വരുന്ന ആശാവർക്കർമാർക്ക് ലോകാരോഗ്യ ഘടനയുടെ ആദരം. കോവിഡിനെതിരായ പോരാട്ടത്തിൽ നിർണ്ണായക പങ്കുവഹിച്ചതിനും, ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യ സൗകര്യങ്ങൾ എത്തിച്ചതിനുമാണ് അംഗീകാരം ലഭിച്ചത്.
* ശ്രീ. ആന്തണി ആൽബനീസ (59) പുതിയ ഓസ്ട്രേലിയൻ പ്രധാന മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.



**ശ്രീകല**
*സാമൂഹ്യപ്രവർത്തക*

# തൊഴിൽ വാർത്ത

**"സ്പോർട്സ് ക്വാട്ട അഡ്മിഷന് അപേക്ഷ ക്ഷണിച്ചു."**

സംസ്ഥാനത്തെ എൻജിനിയറിങ്, മെഡിക്കൽ, ആയുർവേദ, ഹോമിയോപതിക്, അഗ്രികൾച്ചർ കോളേജുകളിൽ കായിക താരങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് സ്പോർട്സ് ക്വാട്ട അഡ്മിഷന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അപേക്ഷ ക്ഷണിച്ചു.

2022-21, സാമ്പത്തിക വർഷങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായികയിനങ്ങളിൽ ജില്ലയെ പ്രതിനിധീകരിച്ച് സംസ്ഥാന മത്സരങ്ങളിൽ (യൂത്ത്/ജൂനിയർ) പങ്കെടുത്ത് മൂന്നാം സ്ഥാനമെങ്കിലും നേടിയിരിക്കണം. അപേക്ഷകൾ എൻട്രൻസ് എക്സാമിനേഷൻസ് കമ്മീഷണർക്ക് സമർപ്പിക്കുന്ന അപേക്ഷയുടെ ഫോട്ടോസ്റ്റാറ്റ് കോപ്പി, കായിക നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ

പകർപ്പ് ഉൾപ്പെടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സമർപ്പിക്കണം.

**"ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം"**

ഭിന്നശേഷിക്കാർക്കുള്ള ദേശീയ തൊഴിൽ സേവന കേന്ദ്രം ഭിന്നശേഷിക്കാരായ വ്യക്തികൾക്കായി ഇലക്ട്രോണിക്, പ്രിന്റിംഗ് ആൻഡ് ഡി.റ്റി.പി. ആട്ടോമൊബൈൽ റിപ്പയറിംഗ്, വെൽഡിംഗ് ആൻഡ് ഫിറ്റിംഗ്, ഫാഷൻ ഡിസൈനിംഗ് ആൻഡ് എംബ്രോയിഡറി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് സ്റ്റെനോഗ്രാഫി, വാച്ച് റിപ്പയറിംഗ് എന്നിവയിൽ ദീർഘ/ ഹ്രസ്വകാല പരിശീലനം നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു. 40 ശതമാനമോ അതിനു മുകളിലോ വൈകല്യമുള്ള ഭിന്നശേഷിക്കാർക്ക് സൗജന്യമായി പ്രവേശനം നൽകും.

അടുത്ത മാസം മുതൽ പ്ലംബിംഗ്, കാർപെന്റി എന്നീ രണ്ടു കോഴ്സുകൾ കൂടി ആരംഭിക്കുന്നു. ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് ടൈപ്പ്റൈറ്റിങ് കെ.ജി.റ്റി.ഇ. (കേരള ഗവ. ടെക്നിക്കൽ എഡ്യൂക്കേഷൻ) നടത്തുന്ന ലോവർ/ ഹയർ പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം സെന്റിൽ നടത്തുന്നുണ്ട്. വിശദവിവരങ്ങൾക്ക് 0471- 250371

**"സിവിൽ സർവീസ് പരീക്ഷ പരിശീലനം"**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കിലെ സിവിൽ സർവീസ് അക്കാദമിയിൽ അടുത്ത ബാച്ച് സിവിൽ സർവീസ് പ്രിലിമിനറി/മെയിൻസ് പരീക്ഷയുടെ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. കേരളത്തിലെ അസംഘടിത മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മക്കൾക്കും ആശ്രിതർക്കുമാണ് പരിശീലനം. ഏതെങ്കിലും ഒരു വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. ഒരു വർഷമാണ് കോഴ്സിന്റെ കാലാവധി. ക്ലാസുകൾ ജൂൺ 20ന് ആരംഭിക്കും. കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്ന അങ്കണവാടി ക്ഷേമനിധി ബോർഡിന്റെ കീഴിൽ അംഗത്വം എടുത്തിട്ടുള്ള അങ്കണവാടി പ്രവർത്തകരുടെ ആശ്രിതർക്ക് ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർ നൽകുന്ന ആശ്രിതത്വ സർട്ടിഫിക്കറ്റ് ഉൾപ്പെടെ ജൂൺ 13 വരെ അപേക്ഷിക്കാം.

അഡ്മിഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങളും അപേക്ഷ സമർപ്പിക്കേണ്ട ലിങ്കും kile.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 7907099629, 0471-2309012, 0471-2307742

**"കെപ്കോയുടെ കോഴ്സുകൾക്ക് അപേക്ഷിക്കാം"**

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ഒരു വർഷ കോഴ്സായ ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി, ആറ്

മാസത്തെ കോഴ്സായ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ് എന്നിവയിൽ അപേക്ഷ ക്ഷണിച്ചു.

ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി കോഴ്സിന് പ്ലസ്ടു വിജയിച്ചിരിക്കണം. സർട്ടിഫിക്കറ്റ് ഇൻ പൗൾട്രി ഫാമിംഗ് കോഴ്സിന് എട്ടാം ക്ലാസ് വിജയിച്ചിരിക്കണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് ഇളവുണ്ട്. ഫൈൻ കൂടാതെ ജൂലൈ 31 വരെ അപേക്ഷ നൽകാം. https://onlineadmission.ignou.ac.in/admission/ വഴി ഓൺലൈനായി അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9495000931, 9400608493.

**"കെൽട്രോണിൽ തൊഴിൽ നൈപുണ്യ വികസന കോഴ്സുകൾ"**

കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ വഴുതക്കാടുള്ള നോളജ് സെന്ററിൽ തൊഴിലധിഷ്ഠിത കോഴ്സുകളിൽ അപേക്ഷ ക്ഷണിച്ചു. അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഡിജിറ്റൽ മീഡിയ ഡിസൈനിംഗ് ആൻഡ് ആനിമേഷൻ ഫിലിംമേക്കിംഗ് (12 മാസം), ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈചെയ്ൻ മാനേജ്മെന്റ് (12 മാസം), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്വെയർ വിത്ത് ഇ ഗാഡ്ജറ്റ് ടെക്നോളജീസ് (12 മാസം) എന്നിവയാണ് കോഴ്സുകൾ.

അടിസ്ഥാന യോഗ്യത: പ്ലസ്ടു, ഡിപ്ലോമ, ഡിഗ്രി അപേക്ഷാഫോം ksg.keltron.in ൽ ലഭിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീതി ജൂൺ 12. വിശദവിവരങ്ങൾക്ക് : 9037553242, 0471 2325154 എന്നീ നമ്പറിലോ കെൽട്രോൺ നോളജ് സെന്റർ, രണ്ടാം നില, ചെമ്പിക്കലം ബിൽഡിംഗ്, ബേക്കറി-വിമൻസ് കോളേജ് റോഡ്, വഴുതക്കാട് പി.ഒ., തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടണം.

**"ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ജി.എസ്.ടി. കോഴ്സ് അപേക്ഷ തീയതി നീട്ടി"**

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (GIFT) ഒരു വർഷത്തെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ജി.എസ്.ടി. (PGD-GST) കോഴ്സിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ജൂൺ 25 വരെ ദീർഘിപ്പിച്ചു. അംഗീകൃത സർവകലാശാല ബിരുദമാണ് യോഗ്യത. നികുതി പ്രാക്ടീഷണർമാർ, അക്കൗണ്ടന്റുമാർ, നിയമവിദഗ്ദ്ധർ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ഉദ്യോഗസ്ഥർ എന്നിവരെ ഉദ്ദേശിച്ചാണ് കോഴ്സ്. ജി.എസ്.ടി. നിയമം, ചാർട്ടേർഡ് അക്കൗണ്ടിംഗ് എന്നിവയിൽ നൈപുണ്യം നേടുന്നതിനും ടാക്സ് പ്രാക്ടീഷണർ ആകുന്നതിലേക്കുള്ള വൈദഗ്ധ്യം നേടുന്നതിനും സഹായകരമാകുന്ന രീതിയിലാണ് കോഴ്സ് വിഭാഗം ചെയ്തിരിക്കുന്നത്. അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്ന ഒരു വർഷത്തെ കോഴ്സിൽ 150 മണിക്കൂർ പരിശീലനമാണ് (ഓൺലൈൻ/ഓഫ്) ഉൾപ്പെടുത്തിയിട്ടുള്ളത്. വിദ്യാർത്ഥികൾ, സർക്കാർ – അർദ്ധസർക്കാർ,

പൊതുമേഖലാ ജീവനക്കാർ, പ്രവാസികൾ, റിട്ടയർ ചെയ്തവർ, മുതിർന്ന പൗരന്മാർ എന്നിങ്ങനെ 14 വിഭാഗങ്ങൾക്ക് ആകർഷകമായ ഫീസ് ഇളവുകളുണ്ട്. കോഴ്സിന്റെ സിലബസ്, ഫീസ് തുടങ്ങിയ വിശദവിരങ്ങൾ ഗിഫ്റ്റ് വെബ്സൈറ്റിൽ (www.gift.res.in) ലഭിക്കും. ഹെൽപ്പ്ലൈൻ നമ്പർ 9961708951, 0471 2593960, ഇ-മെയിൽ pgdgst@gift.res.in.



*ശേഖരണം:* ലീജ

*(കാര്യശേഷി വികസന കമ്മീഷൻ കോർഡിനേറ്റർ* TSSS)

# ആരോഗ്യം

**മഴക്കാല രോഗങ്ങളും/ പ്രതിരോധ പ്രവർത്തനങ്ങളും**

മഴക്കാലത്ത് കൂടുതലായി കാണപ്പെടുന്ന രോഗങ്ങളെയാണ് മക്കാല രോഗങ്ങൾ എന്ന് വിളിക്കുന്നത്. മഴക്കാലത്ത് ഉണ്ടാകുന്ന വെള്ളം കെട്ടിനിക്കലും, കൊതുകുകൾ മുട്ടയിട്ട് പെരുകുന്നതും മഴക്കാലരോഗങ്ങൾക്ക് ഒരു പ്രധാന കാരണം ആകുന്നു. ഓടകളിലും, അഴുക്കുചാലുകളിലും കെട്ടി നിൽക്കുന്ന വെള്ളം കൊതുക് മുട്ടയിട്ട് പെരുകുന്നതിനും ഇടയാക്കുന്നു. തണുത്തതും, തുറന്നുവെച്ചതും, പഴകിയതും, മലിനമായതുമായ ഭക്ഷണങ്ങൾ മഴക്കാല രോഗങ്ങളെ ക്ഷണിച്ചു വരുത്തുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു. മഴക്കാലത്ത് നാം ശ്രദ്ധിക്കേണ്ട പ്രധാന പ്രതിരോധ മാർഗ്ഗങ്ങൾ ഏതെല്ലാമെന്ന് നോക്കാം.

**പ്രതിരോധ മാർഗ്ഗങ്ങൾ**

1. തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക.
2. തുറസ്സായ സ്ഥലങ്ങളിലെ മലമൂത്ര വിസർജ്ജനം പാടെ ഉപേക്ഷിക്കുക.
3. പരിപൂർണ്ണ വ്യക്തിശുചിത്വവും, പരിസര ശുചിത്വവും പാലിക്കുക.
4. പുറത്തു നിന്നു വാങ്ങുന്ന പച്ചക്കറി / പഴങ്ങൾ കഴുകി മാത്രം ഉപയോഗിക്കുക. ഭക്ഷണം അടച്ച് സൂക്ഷിക്കുക.
5. ജലസംഭരണികൾ അടച്ചു സൂക്ഷിക്കുക.
6. വെള്ളം കെട്ടികിടക്കാൻ അനുവദിക്കാതിരിക്കുക. ചിരട്ടകൾ, ചട്ടികൾ, പൊട്ടിയ പാത്രങ്ങൾ ഉപയോഗ ശൂന്യമായ സംഭരണികൾ എന്നിവയിൽ വെള്ളം കെട്ടിക്കിടക്കുന്നത് തടയുക.
7. കൊതുക് നിവാരണം നടത്തുക. കൊതുകു കടിയേൽക്കാതിരിക്കാൻ കൊതുകുവല, നീളമുള്ള വസ്ത്രങ്ങൾ എന്നിവ ഉപയോഗിക്കുക.

8. മലിനജല സംസർഗം ഒഴിവാക്കുക.
9. $H_1N_1$ രോഗം സംശയിക്കുന്ന സ്ഥലങ്ങളിലുള്ളവർ തൂവാലയോ, മാസ്കോ ഉപയോഗിച്ച് മൂക്കും വായയും മൂടുക.
10. പകർച്ചവ്യാധികളുടെ എന്തെങ്കിലും ലക്ഷണങ്ങൾ കാണുകയാണെങ്കിൽ ഉടൻതന്നെ അംഗീകൃത ഡോക്ടർമാരിൽ നിന്നും ചികിത്സ തേടുക. സ്വയം ചികിത്സ തീർത്തും ഒഴിവാക്കുക.



*ശേഖരണം:* Sr. സ്വപ്ന
*(ആരോഗ്യകാര്യ കമ്മീഷൻ കോർഡിനേറ്റർ,* TSSS)

# കവിത

## "മദ്യം വർജ്ജിക്കുകിൽ"

മദ്യമില്ലാത്ത ലോകത്തെങ്ങും
മർത്യരെന്നും വിജയം വരിക്കും
മക്കളെ സ്നേഹിച്ചീടും
സമ്പത്തൊന്നായ് വർദ്ധിച്ചീടും
പട്ടിണിയില്ല പാതകമില്ല-
പാരിൽ ഭ്രാന്തത്തരമില്ല
മക്കൾക്കെന്നും സന്തോഷം-
മാതാവിന്നും സന്തോഷം
ആത്മഹത്യ അറിയില്ല
ആരെയും കൊല്ലാനുമറിയില്ല
അദ്ധ്വാനത്താൽ ഗൃഹനാഥന്മാർ-
കൊട്ടാരങ്ങൾ പണിതീടും
യുവതലമുറകൾ ലോകത്തെങ്ങും-
പടിപടിയായ് മുന്നേറും
കണ്ടുപിടിത്തവും സാഹിത്യവും
ഡോക്ടർമാരും ഐ.എ.എസ്സും
എന്തിനേറെ പറയുന്നു -
എല്ലാം നമ്മുടെ സൗഭാഗ്യം.

ജെയ്മോൾ
*(സാന്ത്വനം* SHG, *കഴക്കൂട്ടം ഫെറോന)*

# എസ്.എച്ച്.ജി.വാർത്തകൾ

### കോവളം ഫൊറോന



വിഴിഞ്ഞം ഇടവകയിൽ സൂര്യകാന്തി എസ്.എച്ച്.ജി.യിലെ അംഗമാണ് ലിസി. 25 വർഷമായി സംഘത്തിൽ ചേർന്നിട്ട്. സംഘത്തിൽ ചേർന്നതിനുശേഷം റ്റി.എസ്.എസ്.ന്റെ ഭാഗമായി വിവിധ സ്വയം തൊഴിൽ പരിശീലനം ലഭിച്ചു. ഈ കിട്ടിയ പരിശീലനത്തിൽ നിന്നും ലഭിച്ച അറിവുകൊണ്ട് സ്വയം തൊഴിൽ ചെയ്യാൻ തുടങ്ങി. ആദ്യമൊക്കെ വീട്ടിൽ വച്ച് സ്വന്തമായി വിവിധതരം മീൻ അച്ചാർ, ലോഷൻ, സോപ്പ് ഇവ സ്വന്തമായി ചെയ്തു വില്പന തുടങ്ങി. ഇപ്പോൾ ഒരു കട വാടകയ്ക്ക് എടുത്തു പെറ്റി ഷോപ്പ് ആക്കി. കടയിൽ സ്വന്തമായി സിപ്പ് അപ്പ്, ഐസ്ക്രീം, കേക്ക്, ഉണക്കമീൻ, പിക്കിൾ ഐറ്റം, ലോഷൻ ഇവ നിർമ്മിച്ച് ഇതിലൂടെ നല്ലൊരു തുക മാസവരുമാനം ലിസി കണ്ടെത്തുന്നു.

### വലിയതുറ ഫെറോന





കണ്ണാന്തുറ സ്വയം സഹായ സംഘത്തിലെ 20 അംഗങ്ങൾ ചേർന്ന് സംഘം രൂപീകരിച്ചു. അതിൽ നിന്നും 5 അംഗങ്ങൾ ചേർന്ന് രൂപതയുടെ കീഴിൽ ആക്റ്റിവിറ്റി ഗ്രൂപ്പ് രൂപീകരിച്ചു. മെഴുകുതിരി നിർമ്മാണം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. സാമ്പത്തികം ഇല്ലാഞ്ഞതിനാൽ ഓരോ അംഗങ്ങളും 2000 രൂപ വീതം, 5 അംഗങ്ങൾ ചേർന്ന് 10,000 രൂപ സമാഹരിക്കുകയും മെഴുകുതിരി ഉണ്ടാക്കുന്ന അച്ച്, മെഴുക്, നൂല്, എന്നിവ വാങ്ങി നിർമ്മാണം ആരംഭിക്കുകയും അതിൽ നിന്നും ഉണ്ടായ വരുമാനം കൊണ്ട് 2 ഗ്രാം മുതൽ 250 ഗ്രാം അച്ചുകൾ വരെ വാങ്ങുകയും ചെയ്തു. നിർമ്മാണം മെച്ചപ്പെട്ടപ്പോൾ കൂടുതൽ കൂടുതൽ മെഴുക് വാങ്ങി നിർമ്മിക്കാനും വിൽക്കാനും സാധിച്ചു. ഇതിൽ നിന്നും ലഭിക്കുന്ന ലാഭത്തിൽ നിന്നും 5 അംഗങ്ങൾ സംതൃപ്തരാണ്. കൂടാതെ സംഘത്തിലെ മറ്റ് അംഗങ്ങളെ സാമ്പത്തികമായി സഹായിക്കുവാനും മെഴുകു നിർമ്മാണം വളരെയധികം സഹായിക്കുന്നുണ്ട്. ഇടവക, ഫെറോന, രൂപതയിൽ എല്ലാം ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ കഴിഞ്ഞതിൽ അംഗങ്ങൾ സന്തുഷ്ടരാണ്.

# കലീഡോസ്കോപ്പ്



കൊച്ചിയിലെ രാമവർമ്മ മഹാരാജാവിന് താങ്ങും തണലുമായി രാജ്യം ഭരിച്ച ഭാര്യ, പാറുക്കുട്ടി നേത്യാരമ്മ എന്ന ചരിത്ര വനിത ഭരണ സാമർത്ഥ്യം കൊണ്ടും സാമ്പത്തിക വൈദഗ്ധ്യം കൊണ്ടും കേരളത്തിന് മാതൃകയായ ഭരണാധികാരിയായിരുന്നു. അവരുടെ ഭരണപരിഷ്കാരങ്ങൾ നേത്യാരമ്മയ്ക്ക് ജോർജ് അഞ്ചാമൻ രാജാവിൽ നിന്ന് "കൈസർ ഈ ഹിന്ദ്" മെഡൽ നേടി കൊടുത്തു. പുരുഷ മേധാവിത്വമുള്ള ഒരു കാലഘട്ടത്തിൽ കൊച്ചി ഭരിച്ച അക്കാലത്തെ ഏറ്റവും ശക്തയായ വ്യക്തിയായിരുന്നു പാറുക്കുട്ടി നേത്യാരമ്മ.

ജനനം: വടക്കേ കുറുപ്പത്ത് കുട്ടി പാറുവമ്മ എന്ന ചിന്നമ്മുവിന്റെയും കുറൂർ നാരായണൻ നമ്പൂതിരിപ്പാടിന്റെയും മകളായി കൊല്ലവർഷം 1050 മിഥുനത്തിലെ പൂയം നാളിൽ. മരണം: 1963 ഫെബ്രുവരി 25ന് (വയസ്സ് 88)

## ജൂൺ മാസത്തെ പ്രധാന ദിനങ്ങൾ

ജൂൺ 5 ലോക പരിസ്ഥിതി ദിനം
ജൂൺ 8 ലോക സമുദ്ര ദിനം
ജൂൺ 12 ബാലവേല വിരുദ്ധ ദിനം
ജൂൺ 18 സുസ്ഥിര ഭക്ഷണ ദിനം
ജൂൺ 19 വായനാദിനം
ജൂൺ 26 രാജ്യാന്തര ലഹരി വിരുദ്ധ ദിനം
ജൂൺ 27 സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭ ദിനം

## TSSS സ്വയം സഹായ സംഘങ്ങളുടെ രൂപതാതല ഭാരവാഹികൾ

പ്രസിഡന്റ് : ലിമ സുനിൽ (പുല്ലുവിള ഫെറോന)
വൈസ് പ്രസിഡന്റ് : തേന്മൊഴി (പാളയം ഫെറോന)
സെക്രട്ടറി : റെജീന (വലിയതുറ ഫെറോന)
ജോയിന്റ് സെക്രട്ടറി : രാഖി (കഴക്കൂട്ടം ഫെറോന)
ട്രഷറർ : ഉഷ (പേട്ട ഫെറോന)
എക്സിക്യൂട്ടീവ് അംഗങ്ങൾ : മേരി ഹെലൻ (തൂത്തൂർ ഫെറോന)
സരള (കോവളം ഫെറോന),
ഷെർലി (അഞ്ചുതെങ്ങ് ഫെറോന)

## ചൈൽഡ് ലൈൻ തിരുവനന്തപുരം

ഭാരതത്തിൽ 18 വയസ്സിനു താഴെയുള്ള എല്ലാ മനുഷ്യരേയും കുട്ടികളായി നിർവ്വചിച്ചിരിക്കുന്നു. കുട്ടികളുടെ ബലഹീനാവസ്ഥയും സംരക്ഷിക്കപ്പെടാനുള്ള അവരുടെ അവകാശവും തിരിച്ചറിഞ്ഞ് കുട്ടികളുടെ അവകാശങ്ങളെ പ്രധാനമായും 4 മേഖലകളിലായി തരം തിരിച്ചിരിക്കുന്നു.

1. അതിജീവനത്തിനുള്ള അവകാശം
2. വികാസത്തിനുള്ള അവകാശം
3. സംരക്ഷണത്തിനുള്ള അവകാശം
4. പങ്കാളിത്തത്തിനുള്ള അവകാശം

## സ്ത്രീശാക്തീകരണം

കൈകൊണ്ടോ ആയുധങ്ങൾ കൊണ്ടോ വീട്ടുപകരണങ്ങൾ കൊണ്ടോ ഉപദ്രവിക്കുക, ചവിട്ടുക. മുടിയിൽ പിടിച്ച് വലിക്കുക, തല ഭിത്തിയിൽ ഇടിപ്പിക്കുക, സിഗരറ്റ് കൊണ്ട് ശരീരത്തിൽ പൊള്ളലേൽപ്പിക്കുക, മുറിയിൽ പൂട്ടിയിടുക, വീട്ടിൽ നിന്ന് ഇറക്കി വിടുക, ഭക്ഷണമോ ഉപകരണമോ വസ്ത്രങ്ങളോ വീട് തന്നെയോ നശിപ്പികുക, മണ്ണെണ്ണയോ പെട്രോളോ ഒഴിച്ച് കത്തിക്കുക, മുഖത്തോ ശരീരത്തിലോ ആസിഡ് ഒഴിച്ചു പൊള്ളിക്കുക തുടങ്ങിയവയെല്ലാം ശാരീരിക അതിക്രമങ്ങൾ ആണ്.

തെറി വിളിക്കുക, എപ്പോഴും വിമർശിക്കുകയും കുറ്റപ്പെടുത്തുകയും മറ്റുള്ളവരുടെ മുൻപിൽ വച്ച് ഒന്നിനും കൊള്ളാത്തവൾ എന്ന് കളിയാക്കുക എന്നിവ വാക്കുകൾകൊണ്ടുള്ള അതിക്രമങ്ങളാണ്.

വീട്ടിലെ മറ്റു പുരുഷന്മാർ ലൈംഗിക ആവശ്യങ്ങളക്കായി സ്ത്രീയെ ഉപയോഗിക്കുക, ഭർത്താവ് തന്നെ അമിതമായോ ഭാര്യക്ക് ഇഷ്ടമില്ലാത്ത രീതിയിൽ ഉള്ളതോ മുറിവേൽക്കുന്ന തരത്തിലോ ലൈംഗിക ബന്ധത്തിൽ ഏർപ്പെടുക എന്നിവ ലൈംഗിക അതിക്രമങ്ങളാണ്.

**TRIVANDRUM SOCIAL SERVICE SOCIETY**
*Trivandrum Latin Arch Diocese*
*TSSS Golden Jubilee Building*
*Phone: 8301027262*
*Archbishop's House Compound, Vellayambalam P.O. - 695 003*
*Thiruvananthapuram, Kerala, India*